"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ -ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 445/10 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1037/2025/LSGD തീയതി, തിരുവനന്തപുരം, 25-04-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയിൽ 05/12/2023-തീയതിയിൽ നടന്ന ലോക് അദാലത്തിലെ ഉത്തരവ്.
2. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
3. സ.ഉ.(സാധാ)നം.1380/2024/ത.സ്വ.ഭ.വ, തീയതി, 29/07/2024.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 25/11/2024-ലെ എ3/2642/2010/ട്രിഡ നമ്പർ കത്ത്.
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/03/2025-ലെ DCTVM/228/2024-K9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചുരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 445/10 നമ്പർ കേസ്, 05/12/2023 തീയതിയിൽ നടന്ന ലോക് അദാലത്തിൽ പരിഗണിക്കുകയും, 30/06/2024 തീയതിക്ക് മുമ്പായി തുക ബഹു. തിരുവനന്തപുരം സബ് കോടതിയിൽ കെട്ടിവയ്ക്കണമെന്നും അല്ലാത്തപക്ഷം കക്ഷിക്ക് പലിശയ്ക്ക് അർഹതയുണ്ടെന്ന വ്യവസ്ഥയോടെ 1,30,56,178/- രൂപ (ഒരു കോടി മുപ്പത് ലക്ഷത്തി അമ്പത്തിയാറായിരത്തി ഒരുന്നൂറ്റിഎഴുപത്തിയെട്ട് രൂപ മാത്രം)-യ്ക്ക്, പരാമർശം (1) പ്രകാരം ഒത്തുതീർപ്പായിരുന്നു. അതുപ്രകാരം ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ തുക ബന്ധപ്പെട്ട കക്ഷിക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി.

2) തിരുവനന്തപുരം സബ് കോടതിയിൽ 05/12/2023-ൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പായ പ്രകാരം 30/06/2024-നകം തുക ബഹു. കോടതിയിൽ കെട്ടി വയ്ക്കേണ്ടതായിരുന്നു. എന്നാൽ ടി തുക അനുവദിക്കുന്നതിൽ കാലതാമസം വന്നതിനാൽ തുക കെട്ടി വച്ചതിനുശേഷമുള്ള ബാലൻസ് വിധിക്കടത്തുകയായ 5,52,731/- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) അനുവദിക്കണമെന്ന്

പരാമർശം (4) & (5) എന്നിവ പ്രകാരം യാഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2352 (L.A.Re.Sy.No.2352/2)-ൽ ഉൾപ്പെട്ടതും ശ്രീ. രാമയ്യൻ ചെട്ടിയാരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.58 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 445/10 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 5,52,731/- രൂപ (അഞ്ച് ലക്ഷത്തി അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR cases (Plan Charged)' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. രാമയ്യൻ ചെട്ടിയാർ, S/o ഭഗവതി അപ്പൻ ചെട്ടിയാർ, റ്റി.സി.നം. 38/246, ചാല പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 143/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 25-04-2025 15:32:44
സെക്ഷൻ ഓഫീസർ